## (34.) കോന്നി സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ദൈവപരിപാലനയിൽ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിലൂടെ രൂപം കൊണ്ട് പുനരൈക്യപ്രസ്ഥാനത്തിലൂടെ കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്ക് പ്രവേശിച്ച കോന്നി സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയം 80 വർഷങ്ങൾ പിന്നിടുന്നു.

### കോന്നി ഇടവകയുടെ ഉത്ഭവവും വളർച്ചയും

നിസ്തുലമായ പഠനത്തിന്റെയും തീഷ്ണമായ പ്രാർത്ഥനയുടെയും ഫലമായി കാതോലികവും, ശ്ലൈഹീകവും,ഏകവും, വിശുദ്ധവുമായ തിരുസഭ കത്തോലിക്കാ സഭതന്നെയാണെന്നുള്ള ബോധ്യത്തിൽ എത്തിച്ചേർന്ന പൗവ്വത്ത് ശ്രീ. പി. കെ കോരുള ഉണ്ണിയും കുടുംബവും അദ്ദേഹിന്റെ സഹോദരങ്ങളായ ശ്രീ. പി.കെ സഖറിയ, ശ്രീ. പി. കെ തോമസ്, ശ്രീ, പി.കെ ദാനിയേൽ, ശ്രീ. പി.കെ ജോഷാ, ശ്രീ പി.കെ ജോർജ്ജ് എന്നിവരും തങ്ങളുടെ കുടുംബാംഗങ്ങളും 1922-ൽ കൊല്ലം രൂപതാ മെത്രാൻ അഭിവന്ദ്യ അലോഷ്യസ് മരിയാൻസിഗർ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു കത്തോലിക്കാ സഭാംഗങ്ങളായി. അവഹേളനങ്ങളെയും എതിർപ്പുകളെയും വകവയ്ക്കാതെ സത്യവിശ്വാസത്തിൽ നിന്നുകൊണ്ട് ശക്തമായ പ്രതിരോധം സൃഷ്ടിച്ച ഈ കുടുംബങ്ങളെക്കുറിച്ച് കേട്ടറിഞ്ഞ് കുമ്പഴ അച്ചൻ എന്ന പ്രാദേശിക നാമധാരിയായ മേടയിൽ ഫിലിപ്പോസ് അച്ചൻ (കത്തോലിക്കാ സഭയിലേക്ക് പുനഃരൈക്യപ്പെട്ടത്) കോന്നി പ്രദേശത്തേക്ക് ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിയോഗിതനായി 1934-ൽ കടന്നു വന്നു. പ്രേഷിത ചൈതന്യം തുളുമ്പി നിന്ന അദ്ദേഹത്തിന്റെ പ്രവർത്തനത്താൽ പൗവ്വത്ത് കുടുംബാംഗങ്ങളെ സ്വീകരിച്ചുകൊണ്ട് കോന്നി പ്രദേശത്ത് ആദ്യമായി സെന്റ് ജോർജ് മലങ്കര കത്തോലിക്ക കൂട്ടായ്മ സ്ഥാപിച്ചു.

തുടർന്ന് ചമ്പക്കുളം സ്വദേശിയും, സീറോ മലബാർ സഭാംഗവുമായ ശ്രീ.തോമസ്സ് വയലാറ്റിന്റെ പിന്തുണയും, പ്രോത്സാഹനവും, കത്തോലിക്കാ കൂട്ടായ്മയുടെ തുടർന്നുള്ള വളർച്ചയ്ക്ക് നിദാനമായി. അങ്ങനെ പുത്തൻവീട്ടിൽ ശ്രീമതി മേരിയും കുടുംബവും (മേരിമാതാ) കൂട്ടായ്മയിലേക്കു കടന്നു വന്നു. അതിനുശേഷം ശ്രീ. ഗീവർഗ്ഗീസ് വട്ടതകിടിൽ, ശ്രീ. മത്തായി വട്ടതകിടിയിൽ, ശ്രീ ദാവീദ് മേലേവട്ടതകിടിയിൽ, ശ്രീ. കോശി വിളയിൽ, ശ്രീ. വർഗ്ഗീസ് വിളയിൽ, ശ്രീ. കോശി വല്യ തെക്കേതിൽ, ശ്രീ. യോഹന്നാൻ കമുകുംപള്ളിൽ, ശ്രീ. ജോഷ്വാ ഇടയിൽ, ശ്രീ. വർഗ്ഗീസ് പേഴുംപാറ എന്നിവരും കത്തോലിക്കാ കൂട്ടായ്മയിലേക്കു ചേർന്നു. ശേഷിക്കുന്ന കുടുംബങ്ങളൊക്കെ കാലാകാലങ്ങളായി കത്തോലിക്കാ വിശ്വാസം സ്വീകരിച്ച് സഭാംഗങ്ങളായവരാണ്. 1939ൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അനുമതിയോടും ആശീർവാദത്തോടും കൂടെ ദേവാലയം സ്ഥാപിതമായി, പരിമിതികൾ എറെ ഉണ്ടായിട്ടും അതെല്ലാം വിശ്വാസ ജീവിതം കരുപ്പിടിപ്പാക്കാനുള്ള ഉപാധികളായി ഏവരും ഏറ്റെടുത്തു. വിശ്വാസം പഠിപ്പിക്കാനും, പ്രചരിപ്പിക്കാനും ഇടവക പ്രവർനങ്ങൾ സജീവമാക്കാനും ഏകോപിച്ചുള്ള സഹകരണവും പ്രാർത്ഥനയും ഉപകരിച്ചു. ഏവർക്കും തക്കതായ നേതൃത്വം കൊടുപ്പാൻ സമയാസമയങ്ങളിൽ കടന്നുവന്ന വൈദീകരും സഹായിച്ചു.

### പുതിയ ദൈവാലയ നിർമ്മാണം

പരിമിതി മൂലം കുറെകൂടി സൗകര്യപ്രദമായ ഒരു ആരാധനാലയം വേണമെന്നുള്ള ആഗ്രഹം സഭാംഗങ്ങൾക്കുമുണ്ടായി, സാമ്പത്തിക ഞെരുക്കം കാര്യമായി ഉണ്ടായിരുന്നുവെങ്കിലും കുര്യൻ ഇലഞ്ഞിമറ്റം അച്ചന്റെ നേതൃത്വത്തിൽ പുതിയ ദേവാലയ നിർമാണം ആരംഭിച്ചു. അനുമതിയും ആശീർവാദവും ധന്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്നും ലഭിച്ചു. പിതാവിന്റെയും അഭ്യുദയകാംക്ഷികളുടെയും സഹായസഹകരണം കൊണ്ട് 1969 ൽ പുതിയ ദേവാലയ നിർമ്മാണം പൂർത്തിയായി. പുതുതായി സ്ഥലം മാറിവന്ന എബ്രഹാം തെക്കേടത്ത് അച്ചന്റെ നേതൃത്വത്തിൽ ദേവാലയ കൂദാശയ്ക്കുള്ള ഒരുക്കങ്ങൾ ആരംഭിക്കുകയും 1969 മെയ് മാസത്തിൽ അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവിനാൽ കൂദാശ കർമ്മം നിർവ്വഹിക്കുകയും ചെയ്തു. ഏറെ നാളുകൾക്കുശേഷം പുതിയ മദ്ബഹയും അനുബന്ധ സജ്ജീകരണങ്ങളും

ഉണ്ടായി. ഇപ്പോഴത്തെ മദ്ബഹ ഗീവർഗീസ് ചരുവിള അച്ചൻ വികാരി ആയിരിക്കുമ്പോൾ പ്ലാൻ വരച്ചു പണികൾ ആരംഭിച്ചു. ഡാനിയേൽ വടക്കേക്കര അച്ചൻ വികാരി ആയിരിക്കുമ്പോൾ പുതുക്കിയ മദ്ബഹയുടെ കൂദാശ കർമ്മം 2001ൽ മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്ക ബാവായാൽ നിർവഹിക്കപ്പെട്ടത്. ഇപ്പോഴത്തെ ദേവാലയത്തിന്റെ മോണ്ടളം പുതുക്കി പണി കഴിപ്പിച്ചത് 2007ൽ ജോഷ്വ താഴത്തേതിൽ അച്ചൻ വികാരി ആയിരിക്കുമ്പോഴാണ്.

വൈദികർ ഇപ്പോൾ താമസിക്കുന്ന വൈദിക മന്ദിരം മാടപ്പള്ളിൽ അച്ചൻ വികാരി ആയിരിക്കുമ്പോഴും ഇടവകയുടെ ഓഫീസ് മന്ദിരം ജോൺ ജി. വടക്കേപുറം അച്ചൻ വികാരി ആയിരുന്നപ്പോഴുമാണ് പണി കഴിപ്പിച്ചത്. ഇപ്പോൾ ഇടവകയിൽ 90 കുടുംബങ്ങൾ ഉണ്ട്.

**ഇടവകയിൽ ശുശ്രൂഷ ചെയ്ത വൈദികർ**

മേടയിൽ ഫിലിപ്പോസ് അച്ചനു ശേഷം ചുവടെ ചേർത്തിരിക്കുന്ന വൈദികർ ഇടവക വികാരിമാരായി സേവനം ചെയ്തു.

1. ഫാ. എബ്രഹാം തെങ്ങുംതറയിൽ (മൈലപ്രാ)
2. ഫാ. ഗീവർഗ്ഗീസ് ചരുവേലിലേത്ത്
3. ഫാ. ജോസ്
4. ഫാ. ഫ്രാൻസിസ് കൊടക്കനടി
5. ഫാ. മാത്യു പുറവടി
6. ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ
7. ഫാ. ജോസഫ് വടക്കേക്കുറ്റ്
8. ഫാ. സിറിയക് മണവാളൻ
9. ഫാ. കുര്യൻ ഇലഞ്ഞിമറ്റം
10. ഫാ. വർഗ്ഗീസ് വടശ്ശേരി
11. ഫാ. ജോർജ്ജ് കുറ്റിയിൽ
12. ഫാ. ജേക്കബ് ജോൺ
13. ഫാ. ജോസി പുത്തൻവീട്
14. ഫാ. തോമസ് എഴിയത്ത്
15. ഫാ. അലക്സാണ്ടർ കോയിക്കലേത്ത്
16. ഫാ. ഗീവർഗ്ഗീസ് ചരുവിളയിൽ
17. ഫാ. ജോസഫ് തടത്തിൽ
18. ഫാ. മാത്യു കാലായിൽ
19. ഫാ. ജോൺ കാരവിള
20. ഫാ. മാത്യു മാടപ്പള്ളിൽ

21. ഫാ. വർഗ്ഗീസ് നടുതല

22. ഫാ. ജോഷ്വാ താഴത്തേതിൽ

23. ഫാ. ദാനിയേൽ വടക്കേക്കര കോർ എപ്പിസ്കോപ്പ

24. ഫാ. ജോൺ ജി. വടക്കേപ്പുറം

25. ഫാ. ജോർജ്ജ് മാത്യു

26. ഫാ. ചാക്കോ തടത്തിൽ

27. ഫാ. ജോഷി വാഴപ്പിള്ളേത്ത്.

**ഇടവകയിൽ നിന്നുള്ള അജപാലകർ**

ഈ ഇടവകയിൽ നിന്ന് 4 വൈദികരും 2 സന്യാസിനികളും തിരുസഭയിൽ ശുശ്രൂഷ ചെയ്യുന്നു.

1. ഫാ. അൽഫോൻസ് പൗവ്വത്ത്, ബഥനി സന്യാസ സഭാംഅംഗമാണ്

2. ഫാ. വർഗീസ് കിഴക്കേക്കര തിരുവനന്തപുരം മേജർ അതിരൂപതക്കു വേണ്ടി ശുശ്രൂഷ ചെയ്യുന്നു.

3. ഫാ. ജോർജ് വർഗീസ് പുതുപ്പറമ്പിൽ

4. ഫാ. വർഗീസ് വിളയിൽ

5. സി. ഹൃദ്യ എസ്.ഐ.സി.

6. സി. രമ്യ എസ്.ഐ.സി. ബഥനി സന്യാസിനി സമൂഹ അംഗങ്ങളാണ്.

7. ബ്ര. സ്റ്റാൻലി സൈമൺ കിടങ്ങേൽ

8. ബ്ര. അലൻ ഷാജി കമുകുംപള്ളിൽ

9. ബ്ര. ക്രിസ്റ്റി ഇടയിരേത്ത്

10. ബ്ര. ആന്റോ വിളയിൽ എന്നിവർ വിവിധ സെമിനാരികളിൽ വൈദിക പരിശീലനം നടിവരുന്നു.

സത്യ വിശ്വാസിന്റെ ഉറപ്പുള്ള ഗോപുരമായും സർവ ജനപദങ്ങൾക്കുമുള്ള പ്രാർത്ഥനാലയമായും ഈ ഇടവക ഇന്നും നില കൊള്ളുന്നു.